താലൂക്ക് ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെന്ററുകൾ

3 (2553) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര താലൂക്ക് ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെൻറുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഡയാലിസിസ് സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി സർക്കാർ എന്തൊക്കെ ചെയ്യുവെന്ന് വിശദാംശം ലഭ്യമാക്കുമോ ;

(സി) പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ ജനപങ്കാളിത്തത്തോടെ ആരംഭിച്ച ഡയാലിസിസ് കേന്ദ്രത്തിന് എന്തെങ്കിലും സർക്കാർ സഹായം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ എന്തെങ്കിലും സഹായം അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇതുവരെയും താലൂക്ക് ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിച്ചിട്ടില്ല. എന്നാൽ 5-2-2013-ലെ സ.ഉ. (സാധാ) നമ്പർ 114/2013/ടി.ഡി. പ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 17 താലൂക്കാശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 27 ആശുപത്രികളിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ടി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നുവരുന്നുണ്ട്. സെന്റർ പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) സർക്കാരിന്റെ 4-5-2013-ലെ ജി.ഒ.(ആർ.ടി.) നമ്പർ 1549/2013 പ്രകാരം ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്ററുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ ഡയാലിസിസ് കെട്ടിടത്തിനായി അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിൽ ടി ആശുപത്രിയിൽ ഡയാലിസിസ് സെന്റർ പ്രവർത്തനം ഉള്ളതിനാൽ കെ.ബി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഹായം ആവശ്യപ്പെട്ട് പ്രൊപ്പോസൽ ലഭ്യമായാൽ ആയത് പരിശോധിക്കുന്നതാണ്.

പാരാമെഡിക്കൽ കൗൺസിൽ ഓർഡിനൻസ് നിയമമാക്കുന്നതിനുള്ള നടപടികൾ

4 (2554) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും നിയമവിധേയമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കഴിഞ്ഞ ഗവൺമെൻറ് പുറപ്പെടുവിച്ച പാരാമെഡിക്കൽ കൗൺസിൽ ഓർഡിനൻസ് നിയമമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓർഡിനൻസിന്റെ ഉള്ളടക്കത്തിൽ എന്തെങ്കിലും കാതലായ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ പരിഗണനയിലുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഡി) നിയമസഭയുടെ നടപ്പു സമ്മേളനത്തിൽ പാരാമെഡിക്കൽ കൗൺസിൽ ബിൽ അവതരിപ്പിക്കുവാനും നിയമനിർമ്മാണം നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) പ്രസ്തുത വിഷയം പരിശോധിച്ചുവരികയാണ്.

കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ

5 (2555) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ആക്ടായ 2010 - ലെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും റഗുലേഷനും) ആക്ടിന്റെ അടിസ്ഥാനത്തിൽ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ രൂപീകരണ നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly